# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 308. 23.06.2014 ൽ മറുപടിയ്ക്ക്.

<u>മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് ശക്തമാക്കൽ</u>

| ചോദ്യം<br>ശ്രീ. ഷാഫി പറമ്പിൽ<br>,, എ.റ്റി. ജോർജ്<br>,, റ്റി.എൻ. പ്രതാപൻ<br>,, പി.സി. വിഷ്ണുനാഥ് | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മോട്ടോർ വാഹനവകുപ്പിൽ എൻഫോഴ്സ്മെന്റ് നടപടികൾ ശക്തമാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ഈ സർക്കാർ നടപ്പാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ; | (എ) | എൻഫോഴ്സ്മെന്റ് നടപടികൾ ശക്തമാക്കുന്നതിനായി നിലവിലുണ്ടായിരുന്ന 17 മൊബൈൽ സ്ക്വാഡുകൾക്കും 4 ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെ നിയന്ത്രണത്തിലുള്ള 4 എൻഫോഴ്സ്മെന്റ് ഫ്ലൈയിംഗ് സ്ക്വാഡുകൾക്കും ഗതാഗത കമ്മീഷണറുടെ നിയന്ത്രണത്തിലുണ്ടായിരുന്ന ഒരു എൻഫോഴ്സ്മെന്റ് സ്ക്വാഡിനും പുറമെ പുതിയതായി 17 മൊബൈൽ സ്ക്വാഡുകൾ കൂടി രൂപീകരിയ്ക്കുകയും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടു കൂടി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നുണ്ട്. എൻഫോഴ്സ്മെന്റ് നടപടികൾ ഏകോപിപ്പിക്കുന്നത് ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) ആണ്. |
| (ബി) | ഇതിനായി എന്തെല്ലാം ആധുനിക സാങ്കേതികവിദ്യകളാണ് ഉപയോഗിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | എൻഫോഴ്സ്മെന്റ് വിഭാഗത്തിന് അത്യാധുനിക ഉപകരണങ്ങളായ സ്പീഡ് റഡാറുകൾ, ആൽക്കോ മീറ്ററുകൾ തുടങ്ങിയവ ഘടിപ്പിച്ച 7 ഇന്റർസെപ്റ്ററുകൾ നൽകിയിട്ടുണ്ട്. ഇത് കൂടാതെ 12 ഹാൻഡ് ഹെൽഡ് സ്പീഡ് റഡാറുകളും, രാത്രികാല ചെക്കിങ്ങിന് ബാറ്റണുകളും ജാക്കറ്റുകളും വാങ്ങി നൽകിയിട്ടുണ്ട്. |
| (സി) | വകുപ്പിൽ എന്തെല്ലാം ശാക്തീകരണ പരിപാടികളും അടിസ്ഥാനസൗകര്യങ്ങളും ഇതിനായി ഒരുക്കുകയുണ്ടായി ; വിശദമാക്കുമോ ; | (സി) | അമിത വേഗത്തിലും അലക്ഷ്യമായും വാഹനമോടിക്കുന്നവരെ പിടികൂടുന്നതിനായി ചേർത്തല മുതൽ മണ്ണുത്തി വരെ കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ |

| | | | |
|---|---|---|---|
| | | | സഹകരണത്തോടെ ക്യാമറ സ്ഥാപിച്ചു കഴിഞ്ഞു. രണ്ട് ഘട്ടങ്ങളായാണ് പദ്ധതി നടപ്പാക്കിയത്. ആദ്യഘട്ടത്തിൽ ചേർത്തല മുതൽ എറണാകുളം വരെയും രണ്ടാം ഘട്ടത്തിൽ എറണാകുളം മുതൽ മണ്ണുത്തി വരെയും. എറണാകുളം ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ കീഴിലാണ് ഇതിന്റെ കൺട്രോൾ റൂം സ്ഥാപിച്ചിട്ടുള്ളത്.<br>ഈ പ്രോജക്ടിന്റെ തുടർച്ചയായി മണ്ണുത്തി മുതൽ മഞ്ചേശ്വരം വരെ കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ സഹകരണത്തോടെ ക്യാമറ സ്ഥാപിക്കുന്നതിനുള്ള കരാർ കെൽട്രോണിനു നൽകിക്കഴിഞ്ഞു . ഇതിന്റെ ജോലികൾ അന്തിമഘട്ടത്തിലാണ്.<br>കൂടാതെ സംസ്ഥാനത്തെ 2013-2014 വാർഷിക പദ്ധതി വിഹിതത്തിന്റെ ഭാഗമായി 73.28 ലക്ഷം രൂപ തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ ക്യാമറ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിനായി അനുവദിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ ജോലികൾ പൂർത്തിയാക്കി കൺട്രോൾ റൂമുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.<br>കൂടാതെ ഓട്ടോമേഷൻ ഓഫ് എൻഫോഴ്സ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ തിരുവനന്തപുരത്തുള്ള 3 സ്ഥലങ്ങളിൽ (ടെക്നോപാർക്ക് ജംഗ്ഷൻ, ഓവർ ബ്രിഡ്ജ് ജംഗ്ഷൻ, കവടിയാർ ജംഗ്ഷൻ) ക്യാമറകൾ സ്ഥാപിച്ചു കഴിഞ്ഞു. രണ്ടാം ഘട്ടത്തിൽ തിരുവനന്തപുരത്തുള്ള രണ്ട് സ്ഥലങ്ങളിലും കോഴിക്കോട്ടും, എറണാകുളത്തും, 5 വീതം സ്ഥലങ്ങളിലും പദ്ധതി നടപ്പാക്കുന്നതിനുള്ള ജോലികൾ അവസാന ഘട്ടത്തിലാണ്. |
| (ഡി) | എൻഫോഴ്സ്മെന്റ് ശക്തമാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോയിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് 2013-ലെ അപകടങ്ങളുടെ എണ്ണം 2012-ലേതിനേക്കാൾ കുറഞ്ഞിട്ടുണ്ട്. കൂടാതെ മരിച്ചവരുടെ എണ്ണത്തിലും കുറവു വന്നിട്ടുണ്ട്. മോട്ടോർവാഹനനിയമങ്ങൾ ലംഘിക്കുന്നവരെ കണ്ടെത്തി പിഴ ചുമത്തുക, ഡ്രൈവിംഗ് ലൈസൻസ് സസ്പെൻറു ചെയ്യുക, ലൈസൻസ് റദ്ദു ചെയ്യുക തുടങ്ങിയ നടപടികളിൽ കൂടി നിയമലംഘനങ്ങൾ |

| | | | |
|---|---|---|---|
| | | | തടയുന്നതിനും വാഹന അപകടങ്ങൾ കുറയ്ക്കുന്നതിനുമുള്ള നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചുവരികയാണ്. എൻഫോഴ്സ്മെന്റ് ഓട്ടോമേഷൻ പ്രോജക്ട് ഇക്കാര്യത്തിൽ വളരെ പ്രയോജനകരമാണ്. |

സെക്ഷൻ ഓഫീസർ.